# വിമലനാദം


മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2018 മെയ് – ജൂലൈ


പുസ്തകം 28, ലക്കം 13







മൂവാറ്റുപുഴ രൂപതയുടെ പിൻതുടർച്ചാവകാശമുള്ള മെത്രാനായി
അഭിവന്ദ്യ യുഹാനോൻ മാർ തിയഡോഷ്യസും പത്തനംതിട്ട രൂപതയുടെ പിൻതുടർച്ചാവകാശമുള്ള
മെത്രാനായി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും നിയമിതരായി.




മൂവാറ്റുപുഴ ഭദ്രാസനത്തിനായി വൈദീകരായ ഫാ. ജയിംസ് ചരിവുപറമ്പിൽ,
ഫാ. കുര്യാക്കോസ് കറുത്തേടത്ത്, ഫാ. കുര്യാക്കോസ് കുടിലിൽ എന്നിവർ
അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് തിരുമേനിയോടൊപ്പം.
(മൂവാറ്റുപുഴ കത്തീഡ്രൽ 03 – 04 – 2018)

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 28 | ലക്കം 13 | 2018 മെയ് – ജൂലൈ



*Patron:*
**Most Rev.Dr.Abraham Mar Julios**

*Co- Patrons:*
**Most Rev.Dr.Yoohanon Mar Theodosius**

**Msgr. Varghese Kunnumpurath**

*Editor:*
**Fr. Kuriakose Karuthedath**

*Technical Support:*
**Br. Akash Kailath**

കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുവിൻ,
അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.
(സങ്കീർത്തനം 34:8)

*Printed & Published by:*
Editor, Vimalanadam
Vimalagiri Diocesan Centre, Keezhillam P.O., Ernakulam
vimalanadam@gmail.com

# ഇടയസന്ദേശം



ഇസ്രായേൽ ജനം കണ്ണുനീർ വാർത്ത് കരഞ്ഞപ്പോൾ അവരുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവർക്ക് രാജാക്കന്മാരേയും, പുരോഹിതന്മാരേയും, ന്യായാധിപന്മാരേയും നൽകി. (1 സാമു 8) ജനം കണ്ണുനീർ വാർത്തു കരയുന്നതിന്റെ ഫലമാണ് നമ്മുടെ സമൂഹങ്ങളിലെ ഓരോ പുരോഹിതനും. ജനത്തിനും ദൈവത്തിനും ഇടയിൽ നിന്നു കൊണ്ട് പാപ പരിഹാരം അനുഷ്ഠിക്കുവാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. (ലേവ്യ 16:1-15) ഇവിടെ ഒരു സ്വയം ചെറുതാകലും പൂർണ്ണ സമർപ്പണവും ഉണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽ ദൈവത്തിന് വേണ്ടി സ്വയം സമർപ്പിതരാകുന്നവരുടെ എണ്ണം തുലോം കുറഞ്ഞിരിക്കുന്നു. അതിനാൽ ആണ് ക്രിസ്തുനാഥൻ ഇപ്രകാരം പറഞ്ഞത്:- "വിളവധികം വേലക്കാരോ ചുരുക്കം അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ" (മത്താ. 9:37-38). നമ്മെ ഓരോരുത്തരെയും ദൈവത്തിലേക്ക് അടുപ്പിച്ച് നിർത്തുന്നവരാണ് വൈദികർ. ആർസ് എന്ന ഗ്രാമത്തിലെ നിവാസികളെ ഒന്നടങ്കം ദൈവത്തിലേക്ക് തിരികെ കൊണ്ടുവന്നയാളാണ് വി. ജോൺ മരിയ വിയാനി എന്ന പുരോഹിതൻ. ഇന്നത്തെ നമ്മുടെ സമൂഹത്തെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ, നമുക്ക് വേണ്ടി കൈകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കുവാൻ നമ്മുടെ സമൂഹങ്ങളിൽ നിന്നും, ഇടവകകളിൽ നിന്നും, കുടുംബങ്ങളിൽ നിന്നും ധാരാളം ദൈവവിളികൾ ഉണ്ടാകുവാൻ വിളവിന്റെ നാഥനോട് നമുക്ക് പ്രാർത്ഥിക്കാം.

യേശു ഈ ലോകത്ത് വളർന്ന് വന്നത് എപ്രകാരമാണെന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു: അവിടുന്ന് ജ്ഞാനത്തിലും, പ്രായത്തിലും, ദൈവത്തിന്റെയും, മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു. (ലൂക്ക 2:52) ഓരോ മനുഷ്യവ്യക്തിയും വളരേണ്ട വഴിയാണ് യേശുവിലൂടെ വെളിവാക്കപ്പെട്ടത്. അവിടുന്ന് ജ്ഞാനത്തിൽ വളർന്നു വന്നതുപോലെ നമ്മുടെ കുഞ്ഞുങ്ങളെയും ജ്ഞാനത്തിൽ വളർത്തേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുക എന്നത് മാതാപിതാക്കളുടേയും ഉത്തരവാദിത്വപ്പെട്ടവരുടേയും കടമയാണ്. പുതിയ ഒരു അദ്ധ്യയനവർഷം കടന്നുവരുന്നു. ഈ വിദ്യാരംഭ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിൽ നമുക്ക് ശ്രദ്ധിക്കാം. അവർ ശരിയായ ജ്ഞാനം അഭ്യസിച്ച് സമൂഹത്തിനും സഭയ്ക്കും അനുഗ്രഹമായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം. ആഴമായ അറിവ് ആഴമായ സ്നേഹത്തിലേക്ക് നയിക്കുന്നു. യഥാർത്ഥ അറിവ് അജ്ഞതയുടെ അന്ധകാരം അകറ്റി പ്രകാശത്തിലൂടെ ഒരു വ്യക്തിയെ നയിക്കും. 'വിദ്യാധനാൽ സർവ്വപ്രധാനം' എന്ന പഴഞ്ചൊല്ലിന്റെ സാരം ഉൾക്കൊണ്ടു കൊണ്ട് നമ്മുടെ എല്ലാ കുഞ്ഞുങ്ങളേയും അക്ഷരലോകത്തിന്റെ വെളിച്ചത്തിലേക്ക് നമുക്ക് ആനയിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Mar Julios

✠ എബ്രഹാം മാർ ജൂലിയോസ്
മൂവാറ്റുപുഴ മെത്രാപ്പോലീത്ത

# MALANKARA CATHOLIC CHURCH
## DIOCESE OF MUVATTUPUZHA

## CIRCULAR

Prot. No. 4/2018 20.06.2018

### തീർത്ഥാടനപദയാത്ര

വന്ദ്യ..കോർഎപ്പിസ്കോപ്പമാരെ,.ബ...വൈദികരെ,..സന്ന്യസ്തരെ,..പ്രിയ സഹോദരിസഹോദരൻമാരെ, വാൽത്സല്യകുഞ്ഞുങ്ങളെ,

ശ്ഹീമോ നമസ്ക്കാരത്തിലെ രണ്ടാംഭാഗം ശനിയാഴ്ച പ്രഭാതപ്രാർത്ഥനയിൽ ഇങ്ങനെ നാം ചൊല്ലുന്നു.: എവിടെ ഉറവകളും, അരുവികളുമുണ്ടോ, അവിടെ ഇടയൻമാർ ആടുകൾക്ക് ദാഹജലം നൽകാൻ കൂടുന്നു. അതുപോലെ, പുണ്യവാൻമാരുടെയും നീതിമാൻമാരുടെയും അസ്ഥികൾ കുടികൊള്ളുന്ന കബറുകളിലേക്ക് അശരണരായവർ സഹായാർത്ഥം ഒരുമിച്ചുകൂടുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ ഈ വർഷം ജൂലൈ 14ന് നാം ഘോഷിക്കുകയാണ്. ആ വന്ദ്യപിതാവിന്റെ കബറിലേക്ക് ഈ വർഷം മുതൽ മൂവാറ്റുപുഴയിൽ നിന്ന് ഒരു പദയാത്ര ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. 1970 കളിൽ MCYMഅംഗങ്ങളാണ് ചെറിയതോതിൽ പെരുനാട്ടിൽ നിന്നുള്ള പദയാത്ര ആരംഭിച്ചത്. അതു ക്രമേണവളർന്ന്, ഇന്ന് പെരുനാട്ടിൽ നിന്നും, മാർത്താണ്ഡത്തുനിന്നും, മാവേലിക്കരയിൽ നിന്നും, തിരുവല്ലയിൽ നിന്നും, പ്രായവ്യത്യാസമില്ലാതെ ആയിരക്കണക്കിന് വിശ്വാസികൾ ആണ് അവരവരുടെ ആവശ്യങ്ങളും നൊമ്പരങ്ങളും, പുണ്യപിതാവിന്റെ അസ്ഥികൾ കുടികൊള്ളുന്ന കബറിന്റെ മുമ്പിൽ ഇറക്കി വയ്ക്കുവാൻ പദയാത്ര നടത്തുന്നത്. ധാരാളം പേർക്ക് അത്ഭുതകരമായ രോഗശാന്തികളും കാര്യസാദ്ധ്യങ്ങളും നടക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

മൂവാറ്റുപുഴയിൽ പുനരൈക്യവാർഷികവും സഭാസംഗമവും നടക്കുന്ന വേളയിൽ ദൈവദാസനായ മാർ ഈവാനിയോസ് മൊത്രാപ്പൊലീത്തായുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം നമുക്ക് ഏറ്റം ആവശ്യമാണ്. അതിനാൽ നമ്മുടെ രൂപതയിലെ വൈദികരും, സന്ന്യസ്തരും വിശ്വാസികളും കഴിവുപോലെ ഈ പദയാത്രയിൽ പങ്കുചേരാൻ ആഹ്വാനം ചെയ്യുന്നു.

പദയാത്രയുടെ നോട്ടീസ് ഇതോടൊപ്പം അയക്കുന്നു. ജൂലൈ 6 രാവിലെ മൂവാറ്റുപുഴ കത്തീഡ്രലിൽ നിന്ന്, ആരംഭിക്കുന്ന പദയാത്ര ഌം തീയതി തിരുവല്ലായിൽഎത്തുന്നതും, പിറ്റേദിവസം തിരുവല്ലായിൽ നിന്നുള്ള പദയാത്രികരോട് ചേർന്ന് തിരുവനന്തപുരം പട്ടത്തേക്ക് പ്രയാണം ചെയ്യുന്നതുമായിരിക്കും. ആരംഭത്തിലും, അവസാനദിവസവും പൂർണ്ണമായും ഞാൻ പദയാത്രയിൽ പങ്കുചേരുന്നതാണ്.

പദയാത്രയ്ക്ക് ബ. ജോസ് കുറ്റിക്കേരിലച്ചൻ നേതൃത്വം നൽകുന്നതാണ്. നൽകപ്പെടുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചും, ചിട്ടയായും, പ്രാർത്ഥനാനിർഭരമായും നമുക്ക് പദയാത്രയിൽ പങ്കെടുത്ത് നമ്മുടെ രൂപതയ്ക്കും, കുടുംബങ്ങൾക്കും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങാം. ദൈവം അനുഗ്രഹിക്കട്ടെ!

+ Mar Julios

✠ എബ്രഹാം മാർ ജൂലിയോസ്

മൂവാറ്റുപുഴ മെത്രാപ്പോലീത്ത

# സഭാവാർത്തകൾ

## മൂവാറ്റുപുഴ, പത്തനംതിട്ട, ഭദ്രാസനങ്ങളിൽ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാർ നിയമിതരായി

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മൂവാറ്റുപുഴ ഭദ്രാസനത്തിലും, പത്തനംതിട്ട ഭദ്രാസനത്തിലും പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാരെ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു. പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി (കോ–അഡ്ജത്തോർ ബിഷപ്പ്) നിലവിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായിരിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി നിയമിതനായി. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്തയായി (കോ–അഡ്ജത്തോർ ബിഷപ്പ്) നിലവിൽ കൂരിയ മെത്രാനും യൂറോപ്പിന്റെയും ഓഷ്യാനയുടെയും അപ്പസ്തോലിക സന്ദർശകനുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയും നിയമിതനായി. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തിന് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിച്ചതനുസരിച്ചാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പുതിയ നിയമനങ്ങൾ നടത്തിയത്. നിലവിലെ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയും മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയും ഔദ്യോഗിക ചുമതലകളിൽ നിന്നും കാനോനിക നിയമമനുസരിച്ച് വിരമിക്കുന്നതനുസരിച്ച് പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്താമാർ ഭദ്രാസനാദ്ധ്യക്ഷന്മാരായി ചുമതല ഏറ്റെടുക്കും. മൂവാറ്റുപുഴ ഭദ്രാസനത്തിലെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്ത എന്ന ഔദ്യോഗിക ചുമതല 2018 ഏപ്രിൽ 12 ന് അഭിവന്ദ്യ യൂഹാനോൻമാർ തെയഡോഷ്യസ് തിരുമേനിയും പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്ത എന്ന ഔദ്യോഗിക ചുമതല 2018 ഏപ്രിൽ 29 ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും ഏറ്റെടുത്തു.

## മാർ ഈവാനിയോസ് ദിനം 2018

ഈ വർഷം ജൂലൈ 15 ഞായറാഴ്ച ആകയാൽ റാന്നി പെരുന്നാട് നിന്നുള്ള പ്രധാന പദയാത്ര 2018 ജൂലൈ 9 ന് ആരംഭിക്കും. മെഴുകുതിരി പ്രദക്ഷിണ നേർച്ച 2018 ജൂലൈ 13 നും ഓർമ്മദിനത്തിന്റെ പ്രധാന ശുശ്രൂഷകൾ 2018 ജൂലൈ 14 നും നടക്കും. ജൂലൈ 15 ഞായറാഴ്ച ആകയാൽ എല്ലാ ഇടവകകളിലും ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഇടവക തലത്തിൽ നടത്തണം .ഈ വർഷത്തെ മാർ ഈവാനിയോസ് ദിനത്തിന്റെ പ്രധാന അതിഥി ജർമ്മനിയിലെ കൊളോൺ ആർച്ചുബിഷപ്പു അത്യുന്നത കർദ്ദിനാൾ റെയ്നർ മരിയ വോൽക്കി തിരുമേനി ആയിരിക്കും.

# ഭദ്രാസന വാർത്തകൾ

## വൈദികപട്ടം

മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ഡീക്കൻ ജെയിംസ് ചരിവുപറമ്പിൽ, ഡീക്കൻ കുര്യാക്കോസ് കറുത്തേടത്ത്, ഡീക്കൻ കുര്യാക്കോസ് കുടിലിൽ എന്നിവർ ഏപ്രിൽ 3-ാം തീയിതി മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് പിതാവിന്റെ തൃകൈയ്യാൽ പൗരോഹിത്യം സ്വീകരിച്ചു. സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കബാവ സുവിശേഷ സന്ദേശം നൽകുകയും ചെയ്തു.

## പ്രഥമ ദിവ്യബലി

മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി പൗരോഹിത്യം സ്വീകരിച്ച ഫാ. ജെയിംസ് ചരിവുപറമ്പിൽ, ഫാ. കുര്യാക്കോസ് കറുത്തേടത്ത്, ഫാ. കുര്യാക്കോസ് കുടിലിൽ എന്നിവർ അവരുടെ മാതൃദേവാലയങ്ങളിൽവച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു.

## നാമഹേതുകതിരുനാൾ

മൂവാറ്റുപുഴ ഭദ്രാസനദ്ധ്യക്ഷൻ എബ്രഹാം മാർ ജൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. 2018 ഏപ്രിൽ 12-ാം തീയതി സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ആഘോഷമായ വി. കുർബ്ബാനയിൽ അഭിവന്ദ്യ ജൂലിയോസ് തിരുമേനി മുഖ്യകാർമ്മികനായിരുന്നു. ബഹു. കോറെപ്പിസ്കോപ്പാമാർ, ബഹു. വൈദികർ എന്നിവർ സമൂഹബലിയിൽ സഹകാർമ്മികരായിരുന്നു. തുടർന്ന് മാർ ജൂലിയോസ് എൻഡോവ്മെന്റ് വിതരണവും നടത്തി.

## മൂവാറ്റുപുഴ ഭദ്രാസനത്തിന് പിൻതുടർച്ചാവകാശമുള്ള സഹായമെത്രാൻ

മൂവാറ്റുപുഴ ഭദ്രാസനത്തിന് പിൻതുടർച്ചാവകാശമുള്ള (Coadjutor) സഹായ മെത്രാനെ പ്രഖ്യാപിച്ചു. 2018 ഏപ്രിൽ 10 ന് റോമിൽ പരി. മാർപാപ്പ തിരുമനസാണ് അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയുടെ പേര് പ്രഖ്യാപിച്ചത്. റോമിൽ ഈ പ്രഖ്യാപനം നടന്ന അതേ സമയം തന്നെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ അഭിവന്ദ്യ കാതോലിക്ക ബാവ തിരുമേനിയും, മൂവാറ്റുപുഴ കത്തീഡ്രലിൽ രൂപതാ ചാൻസിലർ റവ. ഫാ. തോമസ് ഞാറക്കാട്ടും പ്രഖ്യാപനം നടത്തി.

## പുതിയ തിരുമേനിക്ക് ഊഷ്മളമായ വരവേൽപ്പ്

രൂപത സഹായ മെത്രാനായ മാർ തെയോഡോഷ്യസ് തിരുമേനിക്ക് ഏപ്രിൽ 12-ാം തീയതി സെന്റ് ജോസഫ് കത്തീഡ്രൽ, മൂവാറ്റുപുഴയിൽ വച്ച് ഊഷ്മളമായ വരവേൽപ്പ് നൽകി. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാബാവായും, ധാരാളം വൈദീകരും, സന്യസ്തരും, അത്മായരും, തെയോഡോഷ്യസ് തിരുമേനിയെ തിരുവനന്തപുരത്തുനിന്ന് അനുധാവനം ചെയ്തിരുന്നു. സ്വീകരണസമ്മേളനത്തിൽ അഭിവന്ദ്യ ജൂലിയോസ് തിരുമേനി സ്വാഗതവും, കാതോലിക്കാ

ബാവാ തിരുമനസ്സുകൊണ്ട് അനുഗ്രഹാശംസകളും, മോൺ. കുന്നുംപുറത്തച്ചൻ നന്ദിയും അറിയിച്ചു.

**പീച്ചി ദൈവാലയ കൂദാശ**

പീച്ചി വൈദിക ജില്ലയിലെ പുതുക്കി പണിതതായ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിന്റെ (പീച്ചി) കൂദാശ കർമ്മം നടത്തി. ഏപ്രിൽ 20–ാം തീയതി ദേവാലയത്തിന്റെ മൂറോൻ കൂദാശകർമ്മം സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ കാതോലിക്കബാവ നിർവ്വഹിച്ചു. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭി. എബ്രാഹം മാർ ജൂലിയോസ്, സഹായ മെത്രാൻ യൂഹാനോൻ മാർ തെയോഡോഷ്യസ് എന്നിവർ സഹകാർമ്മികരായിരുന്നു. ഏപ്രിൽ 21–ാം തീയതി പുതിയ ദൈവാലയത്തിൽ എബ്രഹാം മാർ ജൂലിയോസ് തിരുമേനി പ്രഥമബലി അർപ്പിക്കുകയും ചെയ്തു. ദേവാലയനിർമ്മിതിക്ക് നേതൃത്വം നൽകിയ ബഹു. ഫാ. ഐസക് കോച്ചേരിലച്ചന് അഭിനന്ദനങ്ങൾ.

**മുരിങ്ങൂർ ദൈവാലയ കൂദാശ**

മൂവാറ്റുപുഴ വൈദിക ജില്ലയിലെ പുതുതായി നിർമ്മിച്ച മുരിങ്ങൂർ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശ കർമ്മം മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ നടത്തി. അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനി സഹകാർമ്മികനായിരുന്നു. ദേവാലയനിർമ്മാണപദ്ധതികൾക്ക് നേതൃത്വം നൽകിയ ഫാദറിന് അഭിനന്ദനങ്ങൾ.

**ജൂബിലി വർഷം**

മൂവാറ്റുപുഴ രൂപതയുടെ വികാരി ജനറാൾ റവ. ഫാ. വർഗ്ഗീസ് കുന്നുംപുറത്തും മുൻ വികാരി ജനറാളും ഇപ്പോൾ പീച്ചി വൈദിക ജില്ലാ വികാരിയുമായ വെരി. റവ. ഫാ. ഐസക് കോച്ചേരിയും തന്റെ പൗരോഹിത്യത്തിന്റെ 25–ാം വർഷത്തിലേക്ക് പ്രവേശിച്ചു. ഇരുവർക്കും രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ.

**ബൈബിൾ അപ്പോസ്തോലേറ്റ്**

എല്ലാവർഷവും അഖിലകേരളാതലത്തിൽ നടത്താറുള്ള ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ജൂലൈ 25 വരെ ആണ് ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി. ഈ വർഷം ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്റ്റർ ചെയ്യാനുള്ള എക്സെൽ ഷീറ്റ് അയച്ചുതരുന്നതാണ്. നിർദ്ദേശിച്ചിരിക്കുന്നതുപോലെ പൂരിപ്പിച്ച് രജിസ്ട്രേഷൻ ഫീസ് പത്ത് രൂപാ ഉൾപ്പെടെ ജൂലൈ 25 ന് മുമ്പായി അയച്ചു തരേണമെ.

ഈ വർഷവും ലോഗോസ് ഫാമിലിക്ക് പ്രത്യേകം തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നതാണ്. ലോഗോസ് ഫാമിലി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അപ്പൻ, അമ്മ, ഒരു മകൻ/മകൾ എന്നിവർ അടങ്ങുന്ന ടീം ആണ്. ഇടവക–മേഖലാ–രൂപതാതലത്തിൽ ലോഗോസ് ഫാമിലിയെ തെരഞ്ഞെടുക്കുന്നതായിരിക്കും. രൂപതാതല ലോഗോസ് ഫാമിലിക്ക് പി.ഒ.സിയിൽ വച്ച് നടത്തുന്ന അഖിലകേരളാ ലോഗോസ് ഫാമിലി ക്വിസിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവരുടെ മാർക്കിന്റെ ശതമാനം നോക്കിയായിരിക്കും

ലോഗോസ് ഫാമിലിയെ തെരഞ്ഞെടുക്കുക. ഇടവക വികാരിയുടെ സാക്ഷിപത്രത്തോടൊപ്പം പ്രത്യേക ഫോമിൽ പേര് രജിസ്റ്റർ ചെയ്യണം. എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും നിർബന്ധമായും ഈ ക്വിസിൽ പങ്കെടുക്കണം.

### ഭവനം നിർമ്മിച്ചുനൽകി

മൂവാറ്റുപുഴ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പിറവം സെന്റ് ജോസഫ് ഹൈസ്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന അനു വർഗീസിന് സ്കൂളിലെ എൻ.സി.സി. കേഡറ്റുകളുടെ സഹകരണത്തോടെ, അദ്ധ്യപകരുടെ നേതൃത്തിൽ സുമനസ്സുകളുടെ സഹായം സ്വീകരിച്ചുകൊണ്ട് ഭവനം നിർമ്മിച്ചു നൽകി. തികച്ചും നിർധനമായ കുടുംബത്തിന് ഇത് വലിയ ഒരു ആശ്വാസമായി. താക്കോൽ ദാന കർമ്മം മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് തിരുമേനി 2018 മെയ് 21-ാം തീയതി നിർവ്വഹിച്ചു. മൂവാറ്റുപുഴ കോർപ്പറേറ്റ് മാനേജർ റവ. ഫാ. വർഗ്ഗീസ് കുന്നുംപുറത്ത്, പിറവം സ്കൂൾ ഹെഡ്മാസ്റ്റർ ഡാനിയേൽ തോമസ്, പി.പി. ബാബു, ജനപ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

### തീർത്ഥാടന പദയാത്ര

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യശിൽപിയും, ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിലേക്ക് മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ തീർത്ഥാടന പദയാത്ര 2018 ജൂലൈ 6-ാം തീയതി രാവിലെ 6.30 വി. കുർബ്ബാനയോടുകൂടെ ആരംഭിക്കുന്നു.

# സെമിനാരി വാർത്തകൾ

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ബ്ര. ജെസ്വിൻ അറയ്ക്കമാലിൽ, ബ്ര. ആൽബിൻ കുടിലിൽ എന്നിവർ മെയ് 5-ാം തീയതി അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് പിതാവിന്റെ തൃക്കൈയ്യാൽ ഡീക്കൻ പട്ടം സ്വീകരിച്ചു. ഇരുവർക്കും സെമിനാരി കുടുംബത്തിന്റെ ആശംസകൾ!

ഇക്കഴിഞ്ഞവർഷം മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിലും, അഞ്ഞൂർ ഓൾഡ് ഏജ് ഹോമിലും റീജൻസി ചെയ്ത ബ്ര. ജിജോ പുല്ലുകാലായിൽ, ബ്ര. അജീഷ് വേങ്ങനിൽക്കുന്നതിൽ എന്നിവർക്ക് യാത്രയയപ്പ് നൽകി. പുതുതായി മുവാറ്റുപുഴ രൂപതാസ്ഥാനത്ത് റീജിൻസിക്കായി കടന്നുവന്ന ബ്ര. ജേക്കബ് കൈലാത്തിന് പ്രാർത്ഥനാശംസകൾ നേരുന്നു.

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ബ്ര. ബസേലിയോസ് കല്ലുംമ്പിള്ളി, ബ്ര. അനൂപ് തെക്കോലിക്കൽ എന്നിവർ ഹെവ്പദിയക്ക്നോ പട്ടത്തിലേക്കും, ബ്ര. ക്ലീറ്റസ് കിഴക്കൂടൻ കോറുയോ പട്ടത്തിലേക്കും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ തൃക്കൈയ്യാൽ മെയ് മാസം 25-ാം തീയതി ഉയർത്തപ്പെട്ടു. തദവസരത്തിൽ തന്നെ ബ്ര. ജിജോ പുല്ലുംകാലായിൽ, ബ്ര. അജീഷ് വേങ്ങനിൽക്കുന്നതിൽ എന്നിവർ വൈദികവസ്ത്രവും സ്വീകരിച്ചു. ഏവർക്കും സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### ദൈവവിളി ക്യാമ്പ്

“തിരുഹിതം” 2018 മെയ് 3,4,5 തീയതികളിൽ വെങ്ങോല സമൃദ്ധി ഗ്രാമിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 17 ആൺകുട്ടികൾ പങ്കെടുത്തു.

### മതബോധന പരീക്ഷാഫലം

2017-18 അദ്ധ്യയന വർഷത്തിലെ മതബോധന പരീക്ഷാഫലം രൂപത സഹായ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ രൂപതാദ്ധ്യക്ഷൻ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത പ്രഖ്യാപിച്ചു.

## മതാദ്ധ്യാപക പരിശീലനപരിപാടി

### മൂവാറ്റുപുഴ മേഖല

രൂപതയിലെ വിവിധ മേഖലകളിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി നടന്നുകൊണ്ടിരിക്കുന്നു. മെയ് 12 ശനിയാഴ്ച മൂവാറ്റുപുഴ മേഖലയുടെ ആഭിമുഖ്യത്തിൽ കോലഞ്ചേരി സെന്റ് പോൾസ് ബഥനി സ്കൂളിൽ നടന്ന പരിശീലന പരിപാടിക്ക് മേഖലാ ഡറക്ടർ റവ. ഫാ. തോമസ് വെട്ടിക്കാട്ടിൽ നേതൃത്വം നൽകി. ശ്രീ. സജു വാലിക്കോടത്ത്, റവ. സിസ്റ്റർ മരിയ റാണി SIC, ബ്ര. ബസേലിയോസ് കല്ലംപിള്ളി, റവ. സി. ജോസ്മി SIC എന്നിവർ നേതൃത്വം നൽകി. 60 ഓളം അദ്ധ്യാപകർ പങ്കെടുത്തു.

### കരിമ്പ മേഖല

മെയ് 19 ശനിയാഴ്ച കരിമ്പ മേഖലയിലെ അദ്ധ്യാപകർക്കായി പരിശീലന പരിപാടി കരിമ്പ സെന്റ് മേരീസ് ദേവാലയത്തിൽ നടത്തപ്പെട്ടു. മേഖല വികാരി റവ. ഫാ. ജോർജ് കയ്യാനിക്കൽ, മേഖല ഡയറക്ടർ റവ. ഫാ. ജോവാക്കീം പണ്ടാരംകുടിയിൽ എന്നിവർ നേതൃത്വം നൽകി. ഏകദേശം 60 ഓളം പേർ പങ്കെടുത്തു.

മെയ് 26 ശനിയാഴ്ച കുന്നുംകുളം മേഖലയിലും, ജൂൺ 2 ശനിയാഴ്ച പീച്ചി മേഖലയിലും, ജൂൺ 9 ശനിയാഴ്ച പിറവം മേഖലയിലും അദ്ധ്യാപകർക്കായുള്ള പരിശീലനം നടത്തപ്പെടുന്നു.

### പുതിയ അദ്ധ്യയനവർഷാരംഭം

ജൂൺ 3 ഞായറാഴ്ച പ്രവേശനോത്സവത്തോടെ പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു. ഏവർക്കും നന്മകൾ നേരുന്നു.

### അവധികാല ക്യാമ്പ്

നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായുള്ള കുട്ടികളുടെ അവധികാല ക്യാമ്പ് (MBOC) ''Credo-2018'' ഈ വർഷം ഏപ്രിൽ 16 മുതൽ മെയ് 2 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. ബഹു. തോമസ് പുല്ലുകാലായിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്യാമ്പിന്റെ വിഷയം “തിരുപ്പട്ടം” എന്ന കൂദാശയായിരുന്നു. ബഹു. ബ്രദേഴ്സ്, സിസ്റ്റേഴ്സ്, അൽമായ-യുവജന സുഹൃത്തുക്കളുമടക്കം 18 പേരടങ്ങുന്ന

നേതൃത്വനിരയാണ് ക്യാമ്പിന് ഉണ്ടായിരുന്നത്. രൂപതിയിലെ ഏകദേശം മുഴുവൻ പള്ളികളുടെയും പങ്കാളിത്തം ഉറപ്പാക്കി 16 സെന്ററുകളിലായാണ് ക്യാമ്പുകൾ നടത്തപ്പെട്ടത്. ഒന്നാം ക്ലാസ്സു മുതൽ 12 ാം ക്ലാസ്സ് വരെ ഏകദേശം 876 കുട്ടികൾ ഇതിൽ പങ്കെടുത്തു. തിരുപ്പട്ടമെന്ന കൂദാശയെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ ക്ലാസ്സുകളും, അഭിനയ ഗാനങ്ങളും, കളികളുമെല്ലാം കുട്ടികൾ വളരെ ആവേശത്തോടെയാണ് സ്വീകരിച്ചത്. ക്യാമ്പുകളിലെ പിതാക്കന്മാരുടെ സന്ദർശനം കുട്ടികളിൽ സന്തോഷമുളവാക്കി. ക്യാമ്പുകളിലെ അച്ചന്മാരുടെ പങ്കാളിത്തവും സാന്നിദ്ധ്യവും ഏറ്റം അനുഗ്രഹപ്രദമായിരുന്നു.

മെയ് 25 ന് വൈകീട്ട് 3 മണിക്ക് കീഴില്ലം രൂപതാ കാര്യാലയത്തിൽ അഭിവന്ദ്യ തിയഡോഷ്യസ് പിതാവിന്റെയും പെരിയ ബഹു.മോൺ വർഗ്ഗീസ് കുന്നംപുറത്ത് അച്ചന്റെയും ക്യാമ്പ് ഡിറക്ടർ ഫാ. തോമസ് പുല്ലുകാലായിൽ അച്ചന്റെയും, മൈനർ സെമിനാരി റെക്ടർ ഫാ. പോൾ കാരമേൽ കോയിക്കലിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട വിലയിരുത്തൽ ക്യാമ്പിൽ, ക്യാമ്പിന്റെ നല്ലവശങ്ങളെപ്പറ്റിയും പോരായ്മകളെപ്പറ്റിയും ചർച്ചചെയ്യുകയും കൂടുതൽ കാര്യക്ഷമമായും ഊർജ്ജസ്വലമായും വരും വർഷങ്ങളിൽ ക്യാമ്പുകൾ നടത്തുന്നതിനെപ്പറ്റിയും തീരുമാനങ്ങളെടുത്തു.

### വിശ്വാസപരിശീലനകാര്യാലയം, മൂവാറ്റുപുഴ ഭദ്രാസനം

## മതബോധനപരീക്ഷാഫലം 2017-2018

### വിമലഗിരി ഭദ്രാസനകാര്യാലയം, കീഴില്ലം

2017-2018 അദ്ധ്യയന വർഷത്തെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയാണ്. ഉന്നത വിജയം കരസ്ഥമാക്കാൻ അദ്ധ്വാനിച്ച ഏവർക്കും നന്ദിയർപ്പിക്കുന്നു.

ഈ വർഷത്തെ ഏറ്റവും മികച്ച ഇടവകയായി വെട്ടിക്കൽ ഇടവക (19 പോയിന്റ്) തിരഞ്ഞെടുക്കപ്പെട്ടു. കരിമ്പ (18), എറണാകുളം (17) എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മേഖലകളിൽ പിറവം മേഖല 53 പോയിന്റോടെ ഒന്നാം സ്ഥാനവും, കരിമ്പ (38), പീച്ചി (30) രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

സമ്മാനർഹർക്കുള്ള ട്രോഫികളും ക്യാഷ് അവാർഡും രൂപത ബൈബിൾ കലോൽസവത്തിൽ വച്ച് നൽകപ്പെടുന്നതാണ്.

X,XII ക്ലാസ്സുകളിൽ പരാജയപ്പെട്ട കുട്ടികൾക്കുള്ള സേ പരീക്ഷ 2018 ജൂൺ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ നടത്തപ്പെടുന്നു.

2018-2019 അദ്ധ്യയന വർഷം 2018 ജൂൺ 3 ഞായറാഴ്ച ആരംഭിക്കുന്നതാണ്.

**പോയന്റ് നില - മേഖലാതലത്തിൽ**

1. പിറവം - 53
2. കരിമ്പ - 38
3. പീച്ചി - 30

| | | |
|---|---|---|
| 4. മൂവാറ്റുപുഴ | – | 26 |
| 5. കുന്നംകുളം | – | 7 |

## പോയന്റ് ക്രമീകരണം

| | |
|---|---|
| 1–ാം റാങ്ക് | – 5 പോയന്റ് |
| 2–ാം റാങ്ക് | – 3 പോയന്റ് |
| 3–ാം റാങ്ക് | – 2 പോയന്റ് |
| 4 മുതൽ 8 വരെ | – 1 പോയന്റ് |

## പോയന്റ് നില - ഇടവകതലത്തിൽ

| | | |
|---|---|---|
| 1. വെട്ടിക്കൽ | – | 19 |
| 2. എറണാകുളം | – | |
| 3. കരിമ്പ | – | |
| 4. പീച്ചി | – | 13 |
| 5. ആലുവ | – | 12 |
| 6. കോങ്ങാട് | – | 11 |
| 7. മാന്ദാമംഗലം | – | 9 |
| 8. നീറാംമുകൾ | – | 8 |
| 9. കീഴില്ലം | – | 5 |
| 10. ജെല്ലിപ്പാറ | – | 5 |
| 11. ഇരുമ്പാമുട്ടി | – | 4 |
| 12. കൊണ്ടാഴി | – | 3 |
| 13. കുന്നക്കുരുടി | – | 3 |
| 14. പൂത്തൃക്ക | – | 3 |
| 15. ഓണക്കൂർ | – | 3 |
| 16. കാക്കനാട് | – | 2 |
| 17. കല്ലേപ്പാടം | – | 2 |
| 18. ചുവന്നമണ്ണ് | – | 2 |
| 19. ചക്കുണ്ട് | – | 2 |
| 20. മുരിങ്ങൂർ | – | 2 |
| 21. മാമലശ്ശേരി | – | 2 |
| 22. കുന്നംകുളം | – | 1 |
| 23. മരോട്ടിച്ചാൽ | – | 1 |
| 24. കട്ടിളപ്പൂവം | – | 1 |
| 25. മഴുവന്നൂർ | – | 1 |
| 26. കൊമ്പഴ | – | 1 |
| 27. പിറവം | – | 1 |
| 28. അഞ്ഞൂർ | – | 1 |
| 29. പാർളിക്കാട് | – | 1 |

30. അഞ്ചൽപ്പെട്ടി – 1
31. പെരുമ്പാവൂർ – 1

## സ്കോളർഷിപ്പ് പരീക്ഷാഫലം 2017-18

### ക്ലാസ്സ് IV

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | ആഷ്ന മറിയം ജേക്കബ് | കീഴില്ലം | മൂവാറ്റുപുഴ | 93 |
| 2 | അനബൽ മരിയ വർഗീസ് | എറണാകുളം | പിറവം | 92 |
| 3 | ജാൻ എബ്രഹാം | ആലുവ | മൂവാറ്റുപുഴ | 90 |
| 4 | ട്രീസ് എലിസബത്ത് രാജു | വെട്ടിക്കൽ | പിറവം | 88 |
| 5 | റിയ റോസ് | എറണാകുളം | പിറവം | 87 |
| 6 | നിയ സാറ സാജു | കുന്നംകുളം | കുന്നംകുളം | 86 |
| 6 | ജിയ ജയിംസ് | കാക്കനാട് | പിറവം | 86 |
| 7 | ബിൽഹ മരിയ ജയിംസ് | എറണാകുളം | പിറവം | 80 |
| 7 | അലോന മാത്യു | കല്ലേപ്പാടം | പീച്ചി | 80 |
| 8 | ഡാൻ ഷൈജു | കരിമ്പ | കരിമ്പ | 79 |
| 8 | അലിൻ മരിയ | പീച്ചി | പീച്ചി | 79 |

### ക്ലാസ്സ് V

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | അലീഷ അന്ന ബിജു | ഒലവക്കോട് | കരിമ്പ | 94 |
| 2 | അനൈന അന്ന ഷിബു | ആലുവ | മൂവാറ്റുപുഴ | 92 |
| 3 | റിമി കെ.എസ്. | കരിമ്പകരിമ്പ | 90 | |
| 4 | പി.സി. അലക്സാണ്ടർ | എറണാകുളം | പിറവം | 86 |
| 5 | അലൻ പൗലോസ് | മാന്ദാമംഗലം | പീച്ചി | 78 |
| 5 | വോൽഗ സായ് | നീറാംമുകൾ | പിറവം | 78 |
| 6 | അലൻ കെ. ബിജു | കൊണ്ടാഴി | കുന്നംകുളം | 76 |
| 7 | മൈക്കിൾ അബി | കുന്നക്കുരുടി | മൂവാറ്റുപുഴ | 70 |
| 7 | സാനിയ സജി | ജെല്ലിപ്പാറ | കരിമ്പ | 70 |
| 8 | അന്ന വി.പി. | ചുവന്നമണ്ണ് | പീച്ചി | 64 |
| 8 | മെറിൻ കെ.മാത്യു | പൂത്തൃക്ക | മൂവാറ്റുപുഴ | 64 |
| 8 | ജെനിഷ ഡാനിയേൽ | മുരിങ്ങൂർ | മൂവാറ്റുപുഴ | 64 |

### ക്ലാസ് VI

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | സോഫിയ എൽസാ ജേക്കബ് | ആലുവ | മൂവാറ്റുപുഴ | 97 |
| 2 | അതുൽ ജീസ് | ഓണക്കൂർ | പിറവം | 89 |
| 3 | അഹന എസ്. രാജ് | കരിമ്പ | കരിമ്പ | 88 |
| 4 | ശ്രേയ അന്ന സഖറിയ | എറണാകുളം | പിറവം | 84 |

| | | | | |
|---|---|---|---|---|
| 4 | ലോറ ആൻ ടോം | കാക്കനാട് | പിറവം | 84 |
| 5 | ടെൽസ ചാക്കോ | കുന്നക്കുരുടി | മൂവാറ്റുപുഴ | 83 |
| 5 | സനിക തോമസ് | കോങ്ങാട് | കരിമ്പ | 83 |
| 6 | അൽക ജോൺ | കോങ്ങാട് | കരിമ്പ | 81 |
| 7 | ക്രിസ്റ്റി പോൾ ലിജു | മരോട്ടിച്ചാൽ | പീച്ചി | 78 |
| 7 | എൽന എൽദോ | മാന്ദാമംഗലം | പീച്ചി | 78 |
| 8 | വിജയ് ബി ജോർജ് | വെട്ടിക്കൽ | പിറവം | 74 |

## ക്ലാസ്സ് VII

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | അഭിഷേക് മോഹൻ | വെട്ടിക്കൽ | പിറവം | 85 |
| 2 | എഡ്വിൻ തങ്കച്ചൻ | പീച്ചി | പീച്ചി | 82 |
| 3 | ജോയൽ ജെ വർഗീസ് | എറണാകുളം | പിറവം | 78 |
| 4 | സാറാ ഇടിക്കുള | എറണാകുളം | പിറവം | 77 |
| 5 | ഹെൽന സാജു | നീറാംമുകൾ | പിറവം | 75 |
| 6 | ആൻമേരി മനു | ചക്കുണ്ട് | പീച്ചി | 74 |
| 7 | ബിനിറ്റ ബാബു വി. | പീച്ചി | പീച്ചി | 73 |
| 8 | ജീവൻ ജിയോ വടക്കൻ | അഞ്ഞൂർ | കുന്നംകുളം | 72 |

## ക്ലാസ്സ് VIII

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | സൂസൻ പോൾ | വെട്ടിക്കൽ | പിറവം | 83 |
| 2 | റിയ മേരി രാജു | ജെല്ലിപ്പാറ | കരിമ്പ | 77 |
| 3 | ഡോണ ആൻഡ്രൂസ് | ഇരുമ്പാമുട്ടി | കരിമ്പ | 72 |
| 4 | ആഷ്‌ലി ബേബി | നീറാംമുകൾ | പിറവം | 68 |
| 5 | അഹന്യ എസ്. രാജ് | കരിമ്പ | കരിമ്പ | 64 |
| 6 | ജോയൽ പി.ജോസ് | ജെല്ലിപ്പാറ | കരിമ്പ | 62 |
| 7 | അശ്വിൻ പി.എസ്. | കൊണ്ടാഴി | കുന്നംകുളം | 61 |
| 7 | ജീന ടി സജീവ് | കട്ടിളപൂവം | കുന്നംകുളം | 61 |
| 8 | അലീന ബിജു | മാന്ദാമംഗലം | പീച്ചി | 57 |

## ക്ലാസ്സ് IX

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | ലിഞ്ചു രാജൻ | കരിമ്പ | കരിമ്പ | 80 |
| 2 | അലൻ ജെ. വർഗീസ് | എറണാകുളം | പിറവം | 73 |
| 3 | ജസ്ന ജോഷി | കോങ്ങാട് | കരിമ്പ | 67 |
| 4 | അമൽ പോൾ | ചുവന്നമണ്ണ് | പീച്ചി | 65 |
| 5 | സ്നേഹ പി.കെ. | കോങ്ങാട് | കരിമ്പ | 63 |
| 6 | ജോർജി മാത്യു | കുന്നക്കുരുടി | മൂവാറ്റുപുഴ | 62 |
| 7 | ആൻസി ജോർജ് | പിറവം | പിറവം | 61 |

| | | | | |
|---|---|---|---|---|
| 8 | അലീന ചാക്കോ | ഇരുമ്പാമുട്ടി | കരിമ്പ | 60 |

## ക്ലാസ്സ് X

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | അലീന മാത്യൂസ് | പീച്ചി | പീച്ചി | 91 |
| 2 | തെരേസ ഷാന്റു | വെട്ടിക്കൽ | പിറവം | 78 |
| 3 | അനീറ്റ ബേബി | നീറാംമുകൾ | പിറവം | 76 |
| 4 | ബബിത ബാബു | മുരിങ്ങൂർ | മൂവാറ്റുപുഴ | 74 |
| 4 | അനീറ്റസജി തോമസ് | എറണാകുളം | പിറവം | 74 |
| 5 | ജിബിൻ ഷാജി | പെരുമ്പാവൂർ | മൂവാറ്റുപുഴ | 71 |
| 5 | സാമൂവൽ ജോസഫ് | എറണാകുളം | പിറവം | 71 |
| 6 | ആൽബിന തോമസ് | പൂത്തൃക്ക | മൂവാറ്റുപുഴ | 69 |
| 7 | റിൻസി കെ.എസ്. | മാന്ദാമംഗലം | പീച്ചി | 68 |
| 8 | അനുമോൾ ഷാജി | കൊണ്ടാഴി | കുന്നംകുളം | 67 |
| 8 | ലിറ്റോ കുഞ്ഞുമോൻ | കരിമ്പ | കരിമ്പ | 67 |

## ക്ലാസ്സ് XI

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | നീതു ബിജു | മാന്ദാമംഗലം | പീച്ചി | 77 |
| 2 | അൽഫോൻസാ ഷാജി | നീറാംമുകൾ | പിറവം | 76 |
| 3 | ഷെബിൻ പോൾ ഷിബു | ആലുവ | മൂവാറ്റുപുഴ | 74 |
| 4 | സാറാ ജെയിംസ് | അഞ്ചൽപ്പെട്ടി | പിറവം | 70 |
| 5 | അനുമോൾ എം.എസ്. | പാർളിക്കാട് | കുന്നംകുളം | 67 |
| 6 | അലീനാ ടി ബിജു | വെട്ടിക്കൽ | പിറവം | 64 |
| 7 | അലീഷ ഷാജി | ഇരുമ്പാമുട്ടി | കരിമ്പ | 61 |
| 8 | തനീഷ പി. വർഗീസ് | കരിമ്പ | കരിമ്പ | 60 |

## ക്ലാസ്സ് XII

| റാങ്ക് | പേര് | ഇടവക | മേഖല | മാർക്ക് |
|---|---|---|---|---|
| 1 | നീതു സി.എസ്. | കോങ്ങാട് | കരിമ്പ | 87 |
| 2 | സോണിയ ഫിലിപ്പ് | പീച്ചി | പീച്ചി | 82 |
| 3 | അനു കുര്യൻ | മാമലശ്ശേരി | പിറവം | 80 |
| 4 | സൂസന്ന അലക്സ് | കോങ്ങാട് | കരിമ്പ | 79 |
| 5 | ജിജിമോൽ പി.ജെ. | കല്ലേപ്പാടം | പീച്ചി | 78 |
| 6 | അനു ജോയി | പൂതൃക്ക | മൂവാറ്റുപുഴ | 77 |
| 7 | മെൽന സി. മാത്യു | ചക്കുണ്ട് | പീച്ചി | 76 |
| 7 | അമൽ തോമസ് | വെട്ടിക്കൽ | പിറവം | 76 |
| 8 | അനു എൽദോസ് | മഴുവന്നൂർ | മൂവാറ്റുപുഴ | 75 |
| 8 | വിവേക് ബി മാത്യു | വെട്ടിക്കൽ | പിറവം | 75 |
| 8 | അലീന റോസ് തോമസ് | കൊമ്പഴ | പീച്ചി | 75 |



മൂവാറ്റുപുഴ രൂപത സോഷ്യൽ സർവ്വീസ് സമൃദ്ധിയുടെ നേതൃത്വത്തിൽ കുഞ്ചിപ്പാറ ആദിവാസി കോളനിയിലെ കുട്ടികൾക്കായി ലൈഫ് സ്കിൽ എഡ്യുക്കേഷൻ ഡവലപ്മെന്റിനെകുറിച്ച് ക്ലാസ് നടത്തുന്നു.



മൂവാറ്റുപുഴ സുവിശേഷസംഘത്തിന് അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് തിരുമേനി ക്ലാസ് എടുക്കുന്നു.



പുനരൈക്യദർപ്പണത്തിന്റെ ഉദ്ഘാടനം
അഭിവന്ദ്യ യുഹാനോൻ മാർ തിയഡോഷ്യസ് തിരുമേനി നടത്തുന്നു.



88–ാം പുനരൈക്യദിനാഘോഷങ്ങളുടെ ആഘോഷകമ്മിറ്റി

# 100% വിജയം കൈവരിച്ച സ്കൂളുകൾ

## ബഥനി കോൺവെന്റ് ഹൈസ്കൂൾ കുന്നംകുളം











## സെന്റ് ജോൺസ് എച്ച്. എസ്. എളനാട്











സെന്റ് ജോസഫ് എച്ച്.എസ്.എസ്. പിറവം



സെന്റ് ഫിലോമിനാസ് എച്ച്.എസ്. തിരുവാണിയൂർ





സെന്റ് പോൾസ് എച്ച്.എസ്.എസ്. വെളിനാട്

# സുവിശേഷ സംഘം

## നന്ദി

മുവാറ്റുപുഴ രൂപതയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ സുവിശേഷസംഘ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. ജിനോ ആറ്റുമാലിൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. മുവാറ്റുപുഴ രൂപതയിലെ സുവിശേഷ സംഘത്തിന്റെ ഡയറക്ടറായി നിയമിതനായ ബഹു. കുര്യാക്കോസ് കുടിലിൽ അച്ചന് പ്രാർത്ഥനാശംസകൾ നേരുന്നു.

## സുവിശേഷ സംഘത്തിന്റെ കൂട്ടായ്മ

2018 മെയ് മാസം 17,18,19 തീയതികളിൽ വെങ്ങോലയിൽ വെച്ച് സുവിശേഷ സംഘത്തിന്റെ രൂപതാതലത്തിലും സഭാ തലത്തിലും കൈ വയ്പ്പ് ലഭിച്ചവരേയും പരിശീലനത്തിൽ ഏർപ്പെട്ടവരെയും ഉൾപ്പെടുത്തികൊണ്ട് രൂപതാതല സുവിശേഷ സംഗമം സംഘടിപ്പിക്കുകയുണ്ടായി.

രൂപത അദ്ധ്യക്ഷൻ അഭി. ഏബ്രഹാം മാർ യൂലിയോസ്, അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ പിതാക്കന്മാരും ബഹു. ആന്റണി കാക്കനാട്ടച്ചനും സഭാതല സുവിശേഷ സംഘത്തിലെ അസി. എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ ബഹു. ആന്റണി കല്ലിൽ അച്ചനും സി.മേരി പ്രസാദും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 42 സുവിശേഷ സംഘാംഗങ്ങൾ ക്ലാസ്സിൽ സംബന്ധിച്ചു.

## പുതിയ ബാച്ചിലേക്കുള്ള പ്രവേശനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആധ്യാത്മികത അതിന്റെ മൗലീക അർത്ഥത്തിൽ ആഴത്തിൽ ജീവിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടു എന്ന് ബോധ്യപ്പെടുകയും, യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യം വച്ച് ജീവിക്കുകയും, സുവിശേഷ ശുശ്രൂഷ നിർവ്വഹിക്കുകയും നിത്യരക്ഷയെ നോക്കി പാർക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് മലങ്കര സുറിയാനി കത്തോലിക്ക സുവിശേഷ സംഘം. രൂപതാ തലത്തിലുള്ള സുവിശേഷ സംഘത്തിന്റെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം 2019 ജനുവരി മാസത്തിൽ ആരംഭിക്കുന്നു, രൂപതാതല സുവിശേഷ സംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്നവരുടെ പേരുകൾ ബഹുമാനപ്പെട്ട അച്ചൻമാർ രൂപത സുവിശേഷ സംഘ ഡയറക്ടർ ബഹു. കുര്യാക്കോസ് കുടിലിൽ അച്ചനെ അറിയിക്കുക.

## കുട്ടികളുടെ സുവിശേഷ സംഘം

വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്യുന്ന കുട്ടികളുടെ വിശുദ്ധീകരണ പ്രസ്ഥാനമാണ് കുട്ടികളുടെ സുവിശേഷ സംഘം. ഈ വർഷം മുവാറ്റുപുഴ രൂപത കുട്ടികളുടെ സുവിശേഷ സംഘം രൂപീകരിക്കാൻ ആഗ്രഹിക്കുന്നു. 7 ാം ക്ലാസ്സു മുതൽ 12 ാം ക്ലാസ്സു വരെയുള്ള കുട്ടികളായിരിക്കും ഇതിലെ അംഗങ്ങൾ. കുട്ടികളുടെ സുവിശേഷ സംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുകൾ ബഹു. അച്ചൻമാർ രൂപത സുവിശേഷ സംഘ ഡയറക്ടർ ബഹു. കുര്യാക്കോസ് കുടിലിൽ അച്ചനെ അറിയിക്കുക.

## കോയമ്പത്തൂർ മിഷൻ സന്ദർശനം

പൊള്ളാച്ചി കിന്നത്തുകടവ് മിഷൻ സന്ദർശനം MCA മൂവാറ്റുപുഴ രൂപത സമിതിയുടെ നേതൃത്വത്തിൽ മാർച്ച് 11 ന് നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലിമിസ് കതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വി. കുർബാനയിലും, പൊതുസമ്മേളനത്തിലും MCA അംഗങ്ങൾ പങ്കെടുത്തു. പങ്കാളിത്തം കൊണ്ട് പ്രസ്തുത പരിപാടിയെ ധന്യമാക്കിയ ഏവർക്കും MCA രൂപത സമിതിയുടെ കൃതജ്ഞത അർപ്പിക്കുന്നു. വിദ്യാഭ്യാസ സഹായധനമായി Rs. 10,000/- MCA മിഷനുവേണ്ടി നൽകി.

### MCA മേഖല സമ്മേളനങ്ങൾ

പിറവം മേഖല സമ്മേളനം വെട്ടിക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ഫാ. മൈക്കിൾ വടക്കേ വീട്ടിൽ, ബഹുമാനപ്പെട്ട പൗലോസ് കിഴക്കിനേടത്ത് രൂപത മേഖല ഭാരവാഹികളും ഇതിൽ പങ്കെടുത്തു.

മൂവാറ്റുപുഴ മേഖല സമ്മേളനം മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. ബഹുമാനപ്പെട്ട ഫാ. ഷൈജു മാത്യു OIC യും മേഖല, രൂപത ഭാരവാഹികളും ഇടവക പ്രതിനിധികളും പങ്കെടുത്തു.

പിച്ചി മേഖല സമ്മേളനം പിച്ചി ദർശന പാസ്റ്ററൻ സെന്ററിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. ബഹുമാനപ്പെട്ട ഫാ. ഐസക് കോച്ചേരി, ബഹുമാനപ്പെട്ട തോമസ് പുല്ലുകാലായിൽ രൂപത, മേഖല ഭാരവാഹികളുടെ യൂണിറ്റ് പ്രതിനിധികളും പങ്കെടുത്തു.

### ലൈറ്റ് 2018

10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി MCA സഭാതലത്തിൽ സംഘടിപ്പിച്ച Training Programme- ൽ രൂപതയിൽ നിന്നും 14 കുട്ടികൾ പങ്കെടുത്തു. 5 ദിവസം നീണ്ടുനിന്ന പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും അവരെ സജ്ജരാക്കിയ രൂപത മേഖല ഭാരവാഹികൾക്കും MCA രൂപത സമിതിയുടെ ആദരവ് അറിയിക്കുന്നു.

### MCA രൂപത അസംബ്ലി

ഏപ്രിൽ 7 ശനിയാഴ്ച കളമശ്ശേരി പള്ളിയിൽ വച്ച് MCA രൂപത ഭാരവാഹികളും സഭാതല ഭാരവാഹികളും ഒരുമിച്ച് പുനരൈക്യ വാർഷികത്തെക്കുറിച്ചും അത്മായ സമ്മേളനത്തെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി സമ്മേളിച്ചു. സഭാതല പ്രസിഡന്റ് ശ്രീ. മോൻസൺ.കെ മാത്യു, ജനറൽ സെക്രട്ടറി ടി ബാബു കല്ലുങ്കൽ, രൂപതാ പ്രസിഡന്റ് ശ്രീ. M.T. ജേക്കബ്, KCF വൈസ് പ്രസിഡന്റ് ശ്രീമതി മേരികുര്യൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. KCF വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി മേരി കുര്യനെ പ്രസ്തുത സമ്മേളനം ആദരിച്ചു. ശ്രീ. വി.സി ജോർജുകുട്ടി, ശ്രീ. ഫിലിപ്പ് കടവിൽ എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചു.

## അത്മായ സംഗമവും അനുമോദനവും

ജൂൺ 10.ാം തീയതി ഞായറാഴ്ച രാവിലെ മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അത്മായ സമ്മേളനവും 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ നമ്മുടെ ഇടവകകളിലെ കുട്ടികളെ ആദരിച്ചു. രാവിലെ വി. കുർബാനയും തുടർന്ന് പൊതുസമ്മേളനവും അനുമോദനവും നടത്തപ്പെട്ടു. സമ്മേളന ശേഷം അത്മായ സംഘത്തിന്റെ സംഘാടക സമിതി രൂപീകരിക്കുകയും ചെയ്തു.

## കർഷകരെ കൃഷിസ്ഥലത്ത് ആദരിക്കൽ

M.C.A. യും YMCA യുടെയും സംയുക്താഭിമുഖ്യത്തിൽ ഓണക്കൂർ പാടശേഖരത്തു വച്ച് മികച്ച കർഷകരെ കൃഷിയിടത്തിൽ ആദരിച്ചു. ശ്രീ. N.T. ജേക്കബ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വച്ച് പിറവം എം.എൽ.എ ശ്രീ. അനൂബ് ജേക്കബ്, ശ്രീ. ജോയി മുകളിൽ, ശ്രീ. തങ്കപ്പൻ കുരികിലിൻ, ശ്രീമതി. സജിത രാജേഷ് എന്നിവരെ പൊന്നാടയണിയിച്ച് ആദരിക്കുകയും ഉപഹാര സമർപ്പണം നടത്തുകയും ചെയ്തു. YMCA എറണാകുളം Sub റീജിയണും MCA മൂവാറ്റുപുഴ രൂപതയും ചേർന്ന് കൃഷിയിടങ്ങളിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 4 വെയ്റ്റ് ബിന്നുകളും സ്ഥാപിച്ചു. പരിസ്ഥിതി ബോധവത്ക്കരണ സെമിനാർ YMCA Regional കോഡിനേറ്ററും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. വി.സി ജോർജ്കുട്ടി നേതൃത്വം നൽകി. ശ്രീ. ഷിബു പനിച്ചിക്കൽ, ശ്രീ. ഫിലിപ്പ് കടവിൽ, ശ്രീ. സാജു കല്ലിൽ എന്നിവർ സംസാരിച്ചു.

## MCA സഭാതല Executive സമ്മേളനം

MCA- സഭാതല ഭാരവാഹികളും രൂപതാ ഭാരവാഹികളും സഭാസംഗമത്തെക്കുറിച്ചും, അത്മായ സമ്മേളനത്തിനെ കുറിച്ചും, വിചിന്തനം ചെയ്യുന്നതിനും, കമ്മറ്റി രൂപീകരണത്തിനുമായി എറണാകുളം St.Thomas പള്ളിയിൽ വച്ച് ജൂൺ 15 ന് സമ്മേളിച്ചു. 8 രൂപതകളിൽ നിന്നുള്ള പ്രതിനിധികളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. സഭാതല പ്രസിഡന്റ് മോൻസൺ മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, സഭാതല സെക്രട്ടറി, ബാബു കല്ലുങ്കൽ, ഫാ. ഷൈജു മാത്യു OIC, M.T. ജേക്കബ് ഞാറക്കാട്ട്, വി.സി. ജോർജ്കുട്ടി, പി.സി. അലക്സാണ്ടർ, ഫിലിപ്പ് കടവിൽ, ഷിബു പനച്ചിക്കൽ എന്നിവർ സംസാരിച്ചു.

## ധീരതയ്ക്കുള്ള അവാർഡ്

മൂവാറ്റുപുഴ രൂപതയിലെ പൂത്തൃക്ക സെന്റ് ജയിംസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി ഇടവകാംഗമായ ബെൻ ബെന്നി രാമമംഗലം പുഴയിൽ ഒഴുക്കിൽപ്പെട്ട രണ്ടുകുട്ടികളെ അതിസാഹസികമായി രക്ഷപ്പെടുത്തുകയും അവരുടെ ജീവൻ രക്ഷിക്കുകയും ചെയ്തുകൊണ്ട് എല്ലാവർക്കും ഒരു മാതൃകയായി മാറി പൂത്തൃക്ക യൂണിറ്റിലെ MCYM അംഗമായ ബെൻ ബെന്നിയെ മെയ്മാസം 13-ാം തീയതി ഞായറാഴ്ച വി.കുർബാനയ്ക്ക് ശേഷം Fr. മൈക്കിൾ വടക്കേവീട്ടിൽ രൂപത സമിതിക്കുവേണ്ടി പൊന്നാടയണിയിച്ച് ആദരിച്ചു.

## പുനരൈക്യദർപ്പണം 2018

പുനരൈക്യത്തിന്റെ പ്രാധാന്യത്തെപ്പറ്റി യുവജനങ്ങളെ ബോധവൻ മാരാക്കുവാനും അത് മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കാൻ അവരെ പ്രാപ്തരാക്കുവാനുമായി "പുനരൈക്യദർപ്പണം 2018" എന്ന പേരിൽ ഒരു ക്ലാസ്സ് മെയ് മാസം 26.ാം തീയതി ശനിയാഴ്ച എളനാട് മലങ്കര സൂറിയാനി കത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. മൂവാറ്റുപുഴ രൂപത സഹായ മെത്രാൻ ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവിന് സ്വീകരണം നൽകിക്കൊണ്ട് പൊതുസമ്മേളനത്തിന് തുടക്കമായി. പൊതുസമ്മേളനത്തിൽ മൂവാറ്റുപുഴ രൂപത നിയുക്ത ഡയറക്ടർ ഫാ. കുര്യാക്കോസ് കറുത്തേടത്ത് ആമുഖപ്രഭാഷണം നടത്തുകയും, രൂപത പ്രസിഡന്റ് ശ്രീ. ബിച്ചു കുര്യൻ തോമസ് അദ്ധ്യക്ഷ പദവി അലങ്കരിക്കുകയും ചെയ്തു. പൊതുസമ്മേളനം ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ മൂവാറ്റുപുഴ രൂപതാ MCYM മുൻകാല ഡയറക്ടർ ആയിരുന്ന ഫാ.ജിനോ ആറ്റുമാലിനെയും മറ്റ് മുൻകാല ഭാരവാഹികളെയും ഉപഹാരം സമർപ്പിച്ച് ആദരിച്ചു. ശേഷം കാരുണ്യസ്പർശം 2018 ന്റെ ഉദ്ഘാടനത്തോടനു ബന്ധിച്ച് രൂപതയിലെ നിർധനരായ 30 വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം നടത്തി. ഫാ. ഷൈജു നടുവിലേടത്ത് O.I.C. നയിച്ച ക്ലാസ്സിൽ രൂപതയിൽ നിന്നും 30 യുവജനങ്ങൾ പങ്കെടുത്തു.

## സ്പെഷ്യൽ സെനറ്റ് എളനാട്

മൂവാറ്റുപുഴ രൂപതയുടെ രണ്ടാമത്തെ സ്പെഷ്യൽ സെനറ്റ് മെയ് മാസം 26.ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് എളനാട് മലങ്കര സൂറിയാനി കത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ രൂപതയിലെ എല്ലാ മേഖലാ ഭാരവാഹികളും പങ്കെടുത്തു. പുനരൈക്യ ആഘോഷ സംബന്ധമായ തീരുമാനങ്ങൾ എടുക്കുവാനും പുനരൈക്യ കമ്മിറ്റികളുടെ രൂപീകരണത്തിനുമായിട്ടാണ് സെനറ്റ് കൂടിയത്.

## കർമ്മപദ്ധതി ഉദ്ഘാടനവും ജൂബിലി വർഷാരംഭവും

മൂവാറ്റുപുഴ MCYM രൂപത സമിതിയുടെ ഒരു വർഷത്തെ കർമ്മപരിപാടികളുടെ ഉദ്ഘാടനവും MCYM ജൂബിലി വർഷാരംഭവും മാർച്ച് മാസം 25.ാം തീയതി ഓശാന ഞായറാഴ്ച പൂത്തൃക്ക സെന്റ് ജയിംസ് മലങ്കര സൂറിയാനി കത്തോലിക്ക പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മൂവാറ്റുപുഴ രൂപത അദ്ധ്യക്ഷൻ ഡോ. എബ്രഹാം മാർ യൂലിയോസ് പിതാവ് കർമ്മപദ്ധതി ഉദ്ഘാടനവും ജൂബിലി വർഷാരംഭത്തിന്റെ ഉദ്ഘാടനവും നിർവഹിച്ചു. പ്രസ്തുത പരിപാടിയിൽ മൂവാറ്റുപുഴ രൂപതയിലെ പൂത്തൃക്ക ഇടവകയിൽ നിന്നുമുള്ള മുൻകാല MCYM നേതാക്കൻമാരെ ആദരിച്ചു. പ്രസ്തുത പരിപാടിയിൽ രൂപതാ ഭാരവാഹികളും മറ്റ് യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു.

## സ്പെഷ്യൽ സെനറ്റ് ചുവന്നമണ്ണ്

MCYM മൂവാറ്റുപുഴ രൂപതയുടെ ഭാവി പരിപാടികളെ പറ്റി തീരുമാനമെടുക്കുവാനും, പുനരൈക്യ സംബന്ധമായ തീരുമാനങ്ങൾ എടുക്കുവാനുമായി മാർച്ച് മാസം 13.ാം

തീയതി ചുവന്നമണ്ണ് സെ. ജോർജ്ജ് മലങ്കര സൂറിയാനി കത്തോലിക്ക പള്ളിയിൽ വച്ച് ഒരു സ്പെഷ്യൽ സെനറ്റ് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ MCYM മൂവാറ്റുപുഴ രൂപതാ ഡയറക്ടർ ഫാ. ജിനോ ആറ്റുമാലിൽ ആമുഖ പ്രഭാഷണം നടത്തുകയും, രൂപതാ പ്രസിഡന്റ് ശ്രീ. ബിച്ചു കുര്യൻ തോമസ് അദ്ധ്യക്ഷ പദവി അലങ്കരിക്കുകയും ചെയ്തു. രൂപതയിലെ എല്ലാ മേഖലകളിലെയും മേഖലാ ഭാരവാഹികൾ സെനറ്റിൽ പങ്കെടുത്തു. മീറ്റിംഗിൽ വച്ച് നേതൃത്വ പരിശീലന ക്യാമ്പ് നടത്തുവാനുള്ള തീയതികൾ നിശ്ചയിക്കുകയും ഓരോ മേഖലകളിലെയും കർമ്മപദ്ധതികൾ വിലയിരുത്തുകയും ചെയ്തു.

### നേതൃത്വ പരിശീലന ക്യാമ്പ്

മൂവാറ്റുപുഴ രൂപതയിലെ യുവജനങ്ങളുടെ നേതൃത്വപാടവം വളർത്തുവാനായി ഏപ്രിൽ മാസം 13, 14, 15 തീയതികളിലായി വെങ്ങോല സമൃദ്ധിഗ്രാമിൽ വച്ച് ഒരു നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. 13-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 7 മണിയ്ക്ക് 'ice breaking section' നോടുകൂടി ക്യാമ്പിന് തുടക്കം കുറിച്ചു. ക്യാമ്പിന്റെ ഔദ്യോഗികമായ ഉദ്ഘാടനം മൂവാറ്റുപുഴ രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. വർഗീസ് കുന്നുംപുറത്ത് നിർവ്വഹിച്ചു. മൂന്നു ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ ശ്രീ. സിജോ.പി. ജേക്കബ്, ശ്രീ. എബ്രഹാം തോമസ്, ശ്രീ. ബെന്നി ആന്റണി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. എല്ലാ മേഖലകളിൽ നിന്നുമായി 85 യുവജനങ്ങൾ പങ്കെടുത്തു.

### മാപ്പിരക്കൽ റാലി

അട്ടപ്പാടിയിലെ ആദിവാസി യുവാവായ മധുവിനെ മർദ്ദിച്ച് കൊന്നതിൽ പ്രതിഷേധിച്ച് മൂവാറ്റുപുഴ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി മാസം 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് പിറവം ടൗണിൽ വച്ച് മാപ്പിരക്കൽ റാലി നടത്തപ്പെട്ടു. പ്രസ്തുത റാലിയിൽ ഏകദേശം 70 യുവജനങ്ങൾ പങ്കെടുത്തു. ഫാ. സുനിൽ മാരാക്കണ്ടം, വി.സി. ജോർജുകുട്ടി, ജേക്കബ് ഞാറക്കാട്ട്, ഷിബു പനച്ചിക്കൽ എന്നിവർ പ്രസ്തുത റാലിയിൽ സംസാരിച്ചു

## മൂവാറ്റുപുഴ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി

### സമൃദ്ധി സ്കൂൾ ഔഷധ സസ്യോദ്യാന പദ്ധതി

പ്രകൃതിയുടെ വരദാനമാണ് സസ്യജാലങ്ങൾ അതിൽ തന്നെ പ്രകൃതി മനുഷ്യന് നല്കിയിരിക്കുന്ന അമൂല്യ സമ്പത്താണ് ഔഷധ സസ്യങ്ങൾ. ആധുനിക സംസ്കാരത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് സംസ്കാരവും, ജീവിതരീതികളും മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ് ഔഷധ സസ്യങ്ങളുടെ പരിപാലനം.

ഔഷധ സസ്യങ്ങളുടെ പരിപാലനത്തിലൂടെയും, ഔഷധ ഉദ്യാന നിർമ്മാണത്തിലൂടെയും, ഔഷധ സസ്യങ്ങൾ പരിചയപ്പെടുത്തുന്നതിലൂടെയും നമുക്ക് ലഭിച്ച പൈതൃകം വരുംതലമുറക്ക് കൈമാറുകയാണ്. ഭാരത സംസ്കാരത്തിന്റെ ഭാഗമായ ഔഷധ സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി അവയെ പരിപാലിക്കുന്നതിന്

വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാൻ കേരള സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ സഹായത്തോടെ കോട്ടയം ജില്ലയിലെ 50 തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ചിരിക്കുന്നു.

### സമൃദ്ധി, പശ്ചിമഘട്ട വികസന പദ്ധതി

മണ്ണ്, ജലം, വായു എന്നീ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള പുരോഗതിക്കുവേണ്ടിയുള്ള പദ്ധതികളാണ് ഈ പ്രോജക്ടിൽ ആസൂത്രണം ചെയ്തു വരുന്നത്. എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചാണ് സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

കിണർ റീച്ചാർജ്ജിംഗ്, പടുതാക്കുള നിർമ്മാണം, ഫലവൃക്ഷതൈകളുടെ വിതരണം, കല്ലുകയ്യാല നിർമ്മാണം എന്നീ പദ്ധതികൾ ഈ പ്രോജക്ടിന്റെ ഭാഗമായി പല്ലാരിമംഗലം പഞ്ചായത്തിൽ ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുകയുണ്ടായി.

### സമൃദ്ധി, ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം

സേവ് എ ഫാമിലി പ്ലാന്റെ സഹായത്തോടെ നടപ്പിലാക്കുന്ന FDP പദ്ധതിയിലെ 26 ഓളം അംഗങ്ങൾക്ക് വിവിധ പദ്ധതികൾ തുടങ്ങുന്നതിന് വേണ്ടി ധനസഹായം നല്കുകയുണ്ടായി. മൂവാറ്റുപുഴ റീജിയണിലെ വിവിധ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളാണ് ഈ പദ്ധതിയുടെ സഹായത്തിനു വേണ്ടി അപേക്ഷിച്ചിരിക്കുന്നത്.

സോപ്പ് പൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം കൃഷി, ഗ്രോസറി ഷോപ്പ് എന്നി വിവിധ ആവശ്യങ്ങൾക്കുവേണ്ടിയാണ് ധനസഹായം വിതരണം ചെയ്തത്.

### സമൃദ്ധി യൂണിറ്റ് ഉദ്ഘാടനം

തൃശൂർ റീജിയണിലെ അമലഗിരി സോണിന്റെ കീഴിൽ കരിപ്പാരി കേന്ദ്രമാക്കി 21-04-2018 ൽ തൃപ്തി യൂണിറ്റിന്റെ ഉദ്ഘാടന കർമ്മം നടന്നു. സമൃദ്ധി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കുറ്റിക്കേരിൽ പ്രോഗ്രാമിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. 6 അയൽക്കൂട്ടങ്ങളാണ് തൃപ്തി യൂണിറ്റിൽ പ്രവർത്തിച്ചു വരുന്നത്.

മൂവാറ്റുപുഴ റീജിയണിൽ മുണ്ടൻമുടി യൂണിറ്റിന്റെ ഉദ്ഘാടം 26-04-2018ൽ നടന്നു. 10 അയൽക്കൂട്ടങ്ങളാണ് ഈ യൂണിറ്റിൽ പ്രവർത്തിച്ചുവരുന്നത്. സമൃദ്ധി എക്സി.ഡയറക്ട്ർ പ്രോഗ്രാമിന് അദ്ധ്യക്ഷത വഹിച്ചു.

### ബോധവത്ക്കരണ ക്ലാസ്

മൂവാറ്റുപുഴ റീജയിണിൽ കളമ്പൂർ യൂണിറ്റിൽ ഫീൽഡ് വർക് സ്റ്റുഡൻസിന്റെ നേതൃത്വത്തിൽ അയൽക്കൂട്ടാംഗങ്ങൾക്കും, കുട്ടികൾക്കും, ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ലേണിംഗ് ഡിസെബിലിറ്റി, ഇന്റർനെറ്റ് അഡീക്ഷൻ ഡിസോഡർ, മെന്റൽ ഹെൽത്ത് എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സായിരുന്നു സംഘടിപ്പിച്ചത്.

കരിമ്പ റീജിയണിൽ ഒറ്റപ്പാലം കേന്ദ്രമാക്കി പുതിയ യൂണിറ്റിന്റെ പ്രവർത്തനം

2-04-2018 തിങ്കളാഴ്ച ആരംഭിച്ചു. ബഹുമാനപ്പെട്ട സമൃദ്ധി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കുറ്റിക്കേരിന്റെ അദ്ധ്യക്ഷതയിലായിരുന്നു പ്രോഗ്രാം നടന്നത്. ഒറ്റപ്പാലം യൂണിറ്റിൽ 20 അയൽക്കൂട്ടങ്ങളാണ് പുതിയതായി പ്രവർത്തിച്ചുവരുന്നത്.

### അവധിക്കാലക്യാമ്പ്

സമൃദ്ധിയുടെ നേതൃത്വത്തിൽ കുട്ടൻപുഴ പഞ്ചായത്തിലെ കുഞ്ചിപ്പാറ ആദിവാസിക്കുടിയിലെ കുട്ടികൾക്കായി ഏകദിനക്യാമ്പ് സംഘടിപ്പിച്ചു. ഫീൽഡ് വർക് സ്റ്റുഡൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ അമ്പതോളം കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്കുവേണ്ടി വിവിധ കലാകായിക പരിപാടികൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി.

കരിമ്പ റീജിയണിൽ ലോക വനിതാദിനത്തിന്റെ ഭാഗമായി ജനമൈത്രീ പോലീസിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തുകയുണ്ടായി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ എങ്ങിനെ പ്രതികരിക്കണം. മൊബൈൽ ഫോണിന്റെ ഗുണദോഷങ്ങൾ എന്നിവയെക്കുറിച്ചാണ് ക്ലാസ്സ് സംഘടിപ്പിച്ചത്.

തൃശൂർ റീജിയണിൽ ലോക വനിതാദിനത്തിന്റെ ഭാഗമായി റീജിയണൽ ഡയറക്ടർ ഫാ. ബോസ് നെല്ലാട്ടിന്റെ നേതൃത്വത്തിൽ അയൽക്കൂട്ടാംഗങ്ങൾക്കുവേണ്ടി ഫാമിലി ഹെൽത്ത് എന്ന വിഷയത്തെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് നടത്തി. തുടർന്ന് അയൽക്കൂട്ടാംഗങ്ങൾക്കുവേണ്ടി അമലഗിരി സോണിന്റെ നേതൃത്വത്തിൽ ചവിട്ടി നിർമ്മാണത്തെക്കുറിച്ചുള്ള ട്രെയിനിംഗ് സംഘടിപ്പിക്കകുയുണ്ടായി. അയൽക്കൂട്ടാംഗങ്ങളുടെ വിവിധ കലാപരിപാടികളും സംഘടിപ്പിക്കുയുണ്ടായി. സമൃദ്ധി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കുറ്റിക്കേരിൽ പ്രോഗ്രാമിംഗ് അദ്ധ്യക്ഷത വഹിച്ചു.

## ഫാമിലി അപ്പസ്തൊലെറ്റ്

അന്താരാഷ്ട്ര മാതൃദിനത്തിന്റെ ആചരണം പൂതൃക്ക സെ. ജെയിംസ് മലങ്കര കത്തോലിക്ക പള്ളിയിൽവച്ച് നടത്തി.

രൂപതാതലത്തിലുള്ള മാതൃസംഗമം ജൂൺ 2, ജൂൺ 9 എന്നീ ശനിയാഴ്ചകളിലായി യഥാക്രമം മൂവാറ്റുപുഴ, പിറവം മേഖലകളിലായി നടത്തി.

## അറിയിപ്പ്

### പുതിയ നിയമനങ്ങൾ

ആഗസ്റ്റ് 28 മുതൽ മുരിങ്ങൂർ സെന്റ് തോമസ് MSCC പള്ളിയുടെ വികാരിയായി ഫാ. കുര്യാക്കോസ് മുളകുകൊടിയിലിനെ നിയമിച്ചിരിക്കുന്നു.

സെപ്തംബർ 9 മുതൽ ആലുവ സെന്റ് ജോൺസ് MSCC പള്ളി വികാരിയായി ഫാ. തോമസ് ഞാറക്കാട്ടിനെ നിയമിച്ചിരിക്കുന്നു.

*ഫാ.തോമസ് ഞാറക്കാട്ട്, ചാൻസിലർ*

# NEW TRANSFER AND APPOINTMENT LIST OF PRIESTS DIOCESE OF MUVATTUPUZHA FROM 5TH MAY 2018

| | |
|---|---|
| V. Rev. Fr. John Varghese Easwarnkudiyil Cor Episcopo | - District Vicar Muvattupuzha<br>Vicar: St. Mary's SMCC,Vengola |
| V. Rev. Fr. Thomas Njarakkattu | - Director,Moria Retreat Centre, Kakkanad<br>- Vicar: St. Jude's SMCC, Kalamassery<br>- St. Mary's SMCC, Kakkanad |
| V.Rev.Fr.Kuriakose Mulakukodiyil | - Vicar: St. Thomas' SMCC,Valakam |
| Rev. Fr. Paul KaramelKoickal | - Rector, Gurusannidhi Minor Seminary<br>- Vicar: St. Thomas SMCC, Keezhillam<br>- Santhom SMCC, Perumbavoor |
| Rev.Fr. Jose Kuttikeril | - Spiritual father Gurusannidhi Minor Seminary |
| Rev.Fr. GeevargheseMelepeedikayil | - Vicar: St. Thomas' SMCC, Peruva<br>- St. Mary's SMCC, Perubadavom |
| Rev.Fr. Thomas Attumalil | - Director, MSM ITI, PIravom<br>- Vicar: St. Mary's SMCC, Piravom<br>- St. Mary's SMCC, Onakkoor |
| Rev.Fr. Mathew Kattarmoolayil | - Vicar: St. Peter's and St. Paul's SMCC, Neerammukal<br>- St. Thomas SMCC, Ezhakkaranad |
| Rev.Fr. Jacob Keeyalil | - Vicar: St. Joseph's SMCC, Jellipara<br>- Chaplain, DSS Convent,Jellipara |
| V.Rev.Fr. Cherian Chennikkara | - Promotor of justice of the Eparchy of Muvattupuzha |
| Rev.Fr. Kuriakose Karuthedath | - Asst. Vicar to Rev.Fr. Kuriakose Mulakukodiyil<br>- Director, MCYM Diocese of Muvattupuzha<br>- Secretory to Bishop<br>- Editor of Vimalanadam Publication |

| | |
|---|---|
| Rev.Fr. Kuriakose Kudilil | - Director, Suvisesha Sangam |
| | - Asst.Vicar to Fr.ThomasNjarakkatt |
| Rev.Fr. Babu Mathew Mandumpal | - Asst. Vicar to Fr.ThomasPullukalayil |
| Rev.Fr. James Cherivuparambil | - Working in Exarchate of Khadki, Pune |
| Rev.Fr. Sathyan Thomas OIC | - Vicar: Muringoor Mission |
| Rev. Fr. NinanCherupuzhathottam OIC | - Vicar: St. George SMCC, Kallumpuram |
| Rev. Dr. Stephen Plathottathil OIC | - Vicar: St.George SMCC, Kalappara |
| Rev.Fr. John Kuriakose Andikulathil | - Vicar: St. Joseph's Cathedral Muvattupuzha |
| | - Devamatha SMCC Pothanikkad |
| | - Manager, Vimalagiri International School, Muvattupuzha |

(S/d)

Fr. Thomas Njarakkattu

Chancellor

# ഇടയനാളാഗമം

## പ്രധാനപരിപാടികൾ

**ഏപ്രിൽ**

**1** ഓണക്കൂർ ദൈവലായത്തിൽ ഈസ്റ്റർശുശ്രൂഷയ്ക്കും വി. കുർബ്ബാനയ്ക്കും മുഖ്യ കാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

**3** മൂവാറ്റുപുഴ കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 7.30 ന് വച്ച് നടന്ന വൈദിക പട്ടാഭിഷേക ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**5** വെട്ടിയ്ക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നവവൈദികൻ കുര്യാക്കോസ് കറുത്തേടത്തിന്റെ പ്രഥമ ദിവ്യബലിയിൽ സംബന്ധിച്ച് വചനസന്ദേശം നൽകി. തുടർന്ന് സന്യാസവ്രതവാഗ്ദാനത്തിന്റെ 25 വർഷം പൂർത്തിയാക്കിയ സി. റെയ്ച്ചൽ മരിയയ്ക്ക് ആശംസകൾ നൽകി.

ഉച്ചയ്ക്ക് 2.00 ന് ഇടുക്കി ബിഷപ്പ് ജോൺ നെല്ലിക്കുന്നേലിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

**6** പിറവം, ബത്‌ലേഹം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നവവൈദികൻ കുര്യാക്കോസ് കുടിലിന്റെ പ്രഥമദിവ്യബലിയിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

**7** ബത്തേരി രൂപതയിലെ പാതാർ ഇടവകയിൽ വച്ച് നവവൈദികൻ ജെയിംസ് ചരിവുപറമ്പിലിന്റെ പ്രഥമ ദിവ്യബലിയിൽ വചനസന്ദേശം നൽകി.

**8** രാവിലെ 8.00 ന് അവായ്നഗർ, സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

വൈകുന്നേരം 4 ന് ചാലിശേരിയിൽ നിർമ്മിക്കുന്ന പുതിയ ദൈവാലയത്തിന് കട്ടിള വയ്പ് നടത്തി.

**10** വൈകിട്ട് 3.30 ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുതിയ നിയമന അറിയിപ്പുകളിൽ സംബന്ധിച്ചു.

**11** രാവിലെ 9.00 ന് ബഥനി നവജ്യോതി പ്രൊവിൻസിന്റെ സിനാക്സിസിൽ ആമുഖ സന്ദേശം നൽകി.

**12** രാവിലെ 9 ന് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് തിരുമേനിയുടെ നാമഹേതുക തിരുനാളിന്റെ കൃതജ്ഞതാബലി അർപ്പിച്ചു. തുടർന്ന് മാർ ജൂലിയോസ് എൻഡോവ്മെന്റ് വിതരണവും നടത്തി.

വൈകുന്നേരം 3.30 ന് ഫാ. പീറ്റർ കോച്ചേരിയുടെ ജ്യേഷ്ഠ സഹോദരൻ ശ്രീ. കെ. റ്റി. എബ്രഹാമിന്റെ ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**14** രാവിലെ 7 ന് ബഥനി മൂവാറ്റുപുഴ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പിരിയർ റവ. സി. ഗ്ലാഡിസ് SIC യുടെ നാമഹേതുകതിരുനാളിൽ സിസ്റ്ററിന് ആശംസകൾ അർപ്പിച്ച് വി. കുർബ്ബാന അർപ്പിച്ചു.

**15** കുന്നക്കുരുടി സെന്റ് ജോർജ് മലങ്കര സുറിയാനി കാത്തോലിക്ക ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

**16** വൈകുന്നേരം 6.30 ന് കീഴില്ലം ബഥനി മഠം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന വ്രതവാഗ്ദാന ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

**17** രാവിലെ 10 ന് കീഴില്ലം ബഥനി മഠം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന വ്രത വാഗ്ദാന ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**20** രാവിലെ 8.30 ന് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വന്ദ്യ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ അച്ചന്റെ കോറെപ്പിസ്കോപ്പാ സ്ഥാനാഭിഷേക ശുശ്രൂഷയിൽ അത്യഭിവന്ദ്യ കാതോലിക്കാബാവായൊടൊപ്പം സഹകാർമികത്വം വഹിച്ചു.

വൈകുന്നേരം 3.00 ന് പുതുക്കി പണിത പീച്ചി സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ മൂറോൻ അഭിഷേക ശുശ്രൂഷയിൽ സംബന്ധിച്ചു.

**21** രാവിലെ 8 ന് പീച്ചിയിലെ പുതുക്കി പണിതദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

**22** കരുവാൻകാട് ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

വൈകുന്നേരം 5 ന് ആലുവയിൽ പുതുതായി നിർമ്മിച്ച കുരുശടി കൂദാശ ചെയ്തു.

**23** ഉച്ചയ്ക്ക് 2 ന് മൂവാറ്റുപുഴ ബഥനി സന്യാസിനി സഭാംഗമായിരുന്ന സി. മേരി ആനിന്റെ കബറടക്ക ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**26** വൈകുന്നേരം 6.30 ന് നോർത്ത് പറവൂരിൽ മഞ്ഞുമാത ബസിലിക്ക ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**29** മാമലശേരി ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

**30** രാവിലെ 10 ന് കാക്കനാട് മോറിയാ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ക്രിസ്റ്റീൻ ധ്യാനത്തിൽ ക്ലാസെടുത്തു.

**മെയ്**

**2** രാവിലെ 10 ന് ജെല്ലിപ്പാറ സെന്റ് ജോർജ് ദൈവാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**4** രാവിലെ 9 ന് വെങ്ങോല സമൃദ്ധി ഗ്രാമിൽ വച്ച് നടന്ന ദൈവവിളി ക്യാമ്പിൽ ക്ലാസെടുത്തു.

വൈകുന്നേരം 3 ന് കാക്കനാട് മോറിയാ ധ്യാനകേന്ദ്രത്തിൽ കുട്ടികളുടെ ധ്യാനത്തിൽ വചനസന്ദേശം നൽകി.

6 രാവിലെ 9 ന് മണിമലയിൽ വി. കുർബ്ബാന അർപ്പിച്ച് കുട്ടികൾക്ക് ആഘോഷമായ ആദ്യകുർബ്ബാന സ്വീകരണം നടത്തി. വചനസന്ദേശം നൽകി.

7 വൈകുന്നേരം 4.30 പിറവത്ത് ശ്രീ. ജേക്കബ് ഞാറക്കാട്ടിന്റെ പുതിയ കട ആശീർവദിച്ചു.

14 വൈകുന്നേരം 3 ന് ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ജൂബിലി സമാപനത്തോട് അനുബന്ധിച്ച് ധ്യാനത്തിൽ യേശുവിന്റെ അനന്യത എന്ന വിഷയത്തിൽ ക്ലാസെടുത്തു.

15 വൈകുന്നേരം 3 ന് 88-ാം പുനരൈക്യത്തോടനുബന്ധിച്ച് നടന്ന കൂടിയലോചനയിൽ സംബന്ധിച്ചു.

18 രാവിലെ 10ന് രൂപത സുവിശേഷ സംഘത്തിന് വെങ്ങോലയിൽ വച്ച് ക്ലാസെടുത്തു.

19 കടമാൻകുളത്ത് വച്ച് നടന്ന ഫാ. ഫിലിപ്പിന്റെ അനുസ്മരണ സമ്മേളനത്തിൽ അനുസ്മരണ സന്ദേശം നൽകി.

20 രാവിലെ 8 ന് കോതമംഗലം മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

21 രാവിലെ 10.30 ന് പിറവത്ത് സഭയിൽ നിന്നും നിർമ്മിച്ചുനൽകിയ ഭവന കൂദാശ നടത്തി, താക്കോൽ കൈമാറി.

24 വൈകുന്നേരം 4.30 ന് പുതുപ്പാടി റവ. ഫാ. ജോർജ് കോറ്റാലിൽ കോറെപ്പിസ്കോപ്പാ അച്ചന്റെ ജന്മശതാബ്ദി ആഘോഷിച്ചു.

27 മുരിങ്ങൂരിൽ പുതുക്കി പണിത ദൈവാലയത്തിന്റെ കൂദാശ നടത്തി

## ബിഷപ്സ് ഡയറി

**ജൂൺ**

17 ഇടയസന്ദർശനം, മാന്ദാമംഗലം
19 വൈകിട്ട് 3 ന് പുനരൈക്യ മീറ്റിംഗ്, കീഴില്ലം
24 ഇടയസന്ദർശനം പെരുമ്പടവം
27 മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മ കുർബ്ബാന, തിരുവല്ല

**ജൂലൈ**

6 മൂവാറ്റുപുഴ
13 പദയാത്ര
14 തിരുവനന്തപുരം മാർ ഈവാനിയോസ് ഡേ.

## SYRO MALANKARA CATHOLIC CHURCH
# 88 th REUNION CELEBRATION
### 19 to 21 - SPETEMBER 2018, MUVATTUPUZHA

**STEERING COMMITTEE**

| SL NO | COMMITTEE | DESIGNATION | NAME | PHONE |
|---|---|---|---|---|
| 1 | **CHAIRMAN** | | MOST REV. DR. ABRAHAM MAR JULIOUS | 9447163377 |
| 2 | **GEN. CONVENOR** | | MOST REV. DR. YOHANNON MAR THEODIOUS | 9447144869 |
| 3 | **CO. GEN. CONVENOR** | | V. REV. MSGR. VARGHESE KUNNUMPURAM | 9447575255 |
| 4 | **SECRETARY** | | V C GEORGEKUTTY | 9048505127 |
| 5 | MEMBERS | | V. REV DR. JOSE MARIYA DAS OIC | 9495632144 |
| 6 | | | REV. MOTHER LITTLE FLOWER SIC | 9496537907 |
| 7 | | | REV. MOTHER GLADIOS SIC | 8281434024 |
| 8 | FINANCE | CHAIRMAN | V. REV. FR. KURIAKOSE MULAKUKODIYIL | 9447615812 |
| 9 | | CONVENOR | K T KURIAKOSE KARUTHEDATH | 9447474957 |
| 10 | PROGRAMME & INVITATION | CHAIRMAN | V.REV. JOHN VARGHESE ESWARANKUDIYIL COR-EPISCOPA | 9447092310 |
| 11 | | CONVENOR | ADV. GHOSH YOHANNAN | 9388868244 |
| 12 | PUBLICITY & MEDIA | CHAIRMAN | REV. FR. SHAJU VETTIKATTIL | 9447508693 |
| 13 | | CONVENOR | SHIBU PANACHICKAL | 9946035611 |
| 14 | | CO-CONVENOR | ABEESH KOORAPPILLIL | 9947201036 |
| 15 | | CO-CONVENOR | TINU KURIAKOSE | 9656878370 |
| 16 | LITURGY | CHAIRMAN | REV. FR. GEORGE KAYYANICKAL | 9744920050 |
| 17 | | CONVENOR | REV. SR. TOMINA SIC | |
| 18 | CHOIR | CHAIRMAN | REV. FR. VARGHESE PUTHOOR | 9495241884 |
| 19 | | CONVENOR | REV. SR. JOSNA SIC | |
| 20 | FOOD & DRINKING WATER | CHAIRMAN | V.REV. FR. THOMAS NJARAKATTU | 9447663690 |
| 21 | | CONVENOR | GEEVARGHESE MAKKULATH | 9447169798 |
| 22 | STAGE, PANDAL & DECORATION | CHAIRMAN | REV. FR. MICHAEL VADAKKEVEETTIL | 9447408360 |
| 23 | | CONVENOR | THAMPI PAMPAKUDA | |
| 24 | ACCOMADATION | CHAIRMAN | REV. FR. JOSE KUTTIKERIL | 9447623614 |
| 25 | | CONVENOR | K M PHILIP KADAVIL | 9447223054 |

| | | | | |
|---|---|---|---|---|
| 26 | VOLUNTEERS | CHAIRMAN | REV. FR. KURIAKOSE KARUTHEDATH | 8330018154 |
| 27 | | | REV. FR. GEORGE MARAMKANDAM | 8547283178 |
| 28 | | CONVENOR | BICHU KURIAN THOMAS | 7510276453 |
| 29 | RECEIPTION | CHAIRMAN | V. REV. FR. CHERIAN CHENNIKARA | 8547531685 |
| 30 | | CONVENOR | N T JACOB | 9388605604 |
| 31 | CHARITY | CHAIRMAN | V. REV. MSGR. VARGHESE KUNNUMPURAM | 9447575255 |
| 32 | | CONVENOR | CDR. THOMAS KOSHY | 9447790070 |
| 33 | GREEN PROTOCOL | CHAIRMAN | REV. FR. JOSE KUTTIKERIL | 9447623614 |
| 34 | | CONVENOR | | |
| 35 | LIGHT & SOUND | CHAIRMAN | REV. FR. BIJU EDAYALAKUDIYIL | 9447421460 |
| 36 | | CONVENOR | SANU VARGHESE | 8089461002 |
| 37 | | CO. CONVENOR | T D GEORGEKUTTY | 9847057660 |
| 38 | TRANSPORTATION & PARKING | CHAIRMAN | REV. FR. JOHNY CHERIKAYATHU | 9447579004 |
| 39 | | CONVENOR | ELDHOSE KOCHERY | 9447368588 |
| 40 | MEDICAL AID | CHAIRMAN | REV. FR. JOVAKIM PANDARAMKUDIYIL | 9447257138 |
| 41 | | CONVENOR | DR. REX THOMAS | 9388605123 |
| 42 | DOCUMENTATION & EXIBITION | CHAIRMAN | REV DR. JOSE MARIADAS OIC | 9497277034 |
| 43 | | CO.CHAIRMAN | REV. FR. ABRAHAM PULICKAL | 9497277034 |
| 44 | PRAYER TEAM & SUVEESASHA SANDHYA | CHAIRMAN | V. REV. FR. ISSAC KOCHERY | 9447435109 |
| 45 | | | REV. FR. JINO ATTUMALLIL | 9656072977 |
| 46 | | CO. CHAIRMAN | REV. FR. KURIAKOSE KUDILLIL | 9605302939 |
| 47 | | CONVENOR | CHACHO T VARGHESE | 9847046736 |
| 48 | MCA SANGAMAM | CHAIRMAN | REV. FR. SHYJU MATHEW OIC | 9446345554 |
| 49 | | CONVENOR | N T JACOB | 9388605604 |
| 50 | MCYM SANGAMAM | CHAIRMAN | REV. FR. KURIAKOSE KARUTHEDATH | 8330018154 |
| 51 | | CONVENOR | BICHU KURIAN THOMAS | 7510276453 |
| 52 | MCCL SANGAMAM | CHAIRMAN | REV. FR. THOMAS PULLUKALAYIL | 9446219293 |
| 53 | | CO. CHAIRMAN | REV. FR. FRANSIS | |
| 54 | | CONVENOR | ABY PAUL | 9447608531 |
| 55 | LADY REP. from Pastrol council | MEMBERS | MARY KURIAN | 9446037250 |
| 56 | | | MERCY GEORGE | 9744138177 |
| 57 | | | KUNJAMMA CHACKO | 9895402383 |



2017 – 2018 അദ്ധ്യയനവർഷത്തെ മതബോധനഫലം അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് തിരുമേനി പ്രഖ്യാപിക്കുന്നു. അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയും സണ്ടേസ്കൂൾ ഡയറക്ടർ ഫാ. തോമസ് പുല്ലുകാലയും സമീപം.



മൂവാറ്റുപുഴ ഭദ്രാസനത്തിനായി മ്ശംശോനോപട്ടം സ്വീകരിച്ച ഡി. ആൽബിൻ കുടിലിൽ, ഡി. ജെസ്വിൻ അറയ്ക്കമാലിൽ എന്നിവർ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് തിരുമേനിയോടൊപ്പം



യാക്കോബായ സഭ അന്തോക്യൻ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം രണ്ടാമനോടൊപ്പം
മൂവാറ്റുപുഴ രൂപത അദ്ധ്യക്ഷൻ എബ്രഹാം മാർ ജൂലിയോസ് തിരുമേനി.